DESPATCHED
Dt. 09/08/21

19/7/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 185(1)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 1340/SIC-G4/2020)**

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി: 2021 ജൂലൈ 19

കുമാരി കെ. സരസ്വതിയമ്മ,
മാധവസദനം, ഏറത്തുകുളക്കട,
കുളക്കട പി.ഒ., കൊല്ലം – 691 521
} അപ്പീൽ ഹർജിക്കാരൻ

1) ശ്രീ. മധുസൂദനൻ എസ്.,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്,
ജില്ലാ പോലീസ് ഓഫീസ്, കൊല്ലം റൂറൽ.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
പുത്തൂർ പോലീസ് സ്റ്റേഷൻ, കൊല്ലം.

3) അപ്പീൽ അധികാരി & ഡി.വൈ.എസ്.പി.,
കൊട്ടാരക്കര, കൊല്ലം – 691 506.
} എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 10/06/2020-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 13.10.2020 തീയതിയിലെ വിശദീകരണത്തിന്റെയും ടിയാനെ കമ്മീഷൻ സെക്രട്ടറി 27/04/2021 തീയതി നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ ഇക്കാര്യം പരിശോധിച്ചു. പരാതി ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് ഒന്നാം എതിർകക്ഷി രണ്ടാം എതിർകക്ഷിക്ക് നൽകിയത് കേരള പോലീസിന്റെ iAPS സംവിധാനത്തിൽ കൂടിയായിരുന്നു എന്നും ആയത് യഥാസമയം

നൽകിയിരുന്നുവെങ്കിലും ടി സംവിധാനത്തിൽ ഉണ്ടായ പിഴവ് ഒന്നാം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് പുത്തൂർ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ സമീപിച്ചപ്പോഴാണ് വ്യക്തമായതെന്നും തുടർന്ന് iAPS സംവിധാനത്തിലെ സാങ്കേതിക തകരാറുമൂലമുള്ള പിഴവ് പരിഹരിച്ച് ഹർജിക്കാരിക്ക് മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണെന്നുമാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്. ടി വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ മന:പ്പൂർവ്വമായ വീഴ്ച പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ശ്രീ. മധുസൂദനൻ എസ് ന്റെ ഭാഗത്ത് നിന്ന് സംഭവിച്ചിട്ടില്ല എന്ന നിഗമനത്തിൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്നു ടിയാനെ ഓർമ്മപ്പെടുത്തി ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 ജൂലൈ മാസം 19-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM